# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4378
## 25.10.2016 ലെ മറുപടിയ്ക്ക്
## <u>പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ</u>

**ചോദ്യം :**
**ശ്രീ.കെ.വി.വിജയദാസ്**

**ഉത്തരം :**
**ഡോ.ടി.എം.തോമസ് ഐസക്**
**(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| എ | പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കേരളത്തിൽ ഏതെല്ലാം ഫണ്ട് മാനേജർമാരെയാണ് നിയമിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ; | പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് നിക്ഷേപവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെയും പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ മോണിറ്ററിംഗ് ചുമതല നിർവ്വഹിക്കുന്ന എൻ.പി.എസ് ട്രസ്റ്റിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം എസ്.ബി.ഐ പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.ടി.ഐ റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജർമാർ ആയി നിയമിച്ചിട്ടുള്ളത്. |
| ബി | സംസ്ഥാന ട്രഷറിയെ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ട്രഷറിയെ ഫണ്ട് മാനേജർ ആയി നിയമിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ; | ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ് വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956 ലെ SCRA[Securities Contracts (Regulation) Act, 1956] പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതിയിലെ ഫണ്ട് മാനേജരായി ട്രഷറിയെ ഉൾപ്പെടുത്താൻ നിലവിൽ സാധിക്കില്ല. |
| സി | ട്രഷറിയെ മാത്രമായി ഫണ്ട് മാനേജർ ആയി നിയമിക്കുവാൻ കഴിയുമോ; ഇതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ? | |

**സെക്ഷൻ ഓഫീസർ**